**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 271** **02-03-2023 - ൽ മറുപടിയ്ക്ക്**

**ഉന്നതവിദ്യാഭ്യാസ രംഗത്ത് പഠന സൗകര്യങ്ങൾ വിപുലീകരിക്കാൻ പദ്ധതി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. എം.വിജിൻ,<br>ശ്രീ എ. സി. മൊയ്‌തീൻ ,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ . കെ .ഡി .പ്രസേനൻ</td><td colspan="2">ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>എൻറോൾമെന്റ് റേഷ്യോ വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ ഉന്നതവിദ്യാഭ്യാസ രംഗത്ത് പഠന സൗകര്യങ്ങൾ വിപുലീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;</td><td>(എ)</td><td>2030 ഓടെ 50% ഗ്രോസ് എൻറോൾമെന്റ് റേഷ്യോ (GER) ആണ് ദേശീയ വിദ്യാഭ്യാസ നയം 2020 വിഭാവനം ചെയ്യുന്നത്. അതേ സമയം 75% GER ആണ് കേരളം ലക്ഷ്യമിടുന്നത്. 2020-21 AISHE സർവ്വേ പ്രകാരം കേരളത്തിന്റെ ഗ്രോസ് എൻറോൾമെന്റ് റേഷ്യോ (GER) 43.2 ശതമാനമായി ഉയർന്നിട്ടുണ്ട്. 18-23 പ്രായപരിധിയിലുള്ള യുവജനങ്ങളുടെ ഉന്നത വിദ്യാഭ്യാസ രംഗത്തെ ഉയർന്ന പ്രവേശന നിരക്കാണ് ഇത് സൂചിപ്പിക്കുന്നത്. ഇത് രാജ്യത്തെ 6-ാമത്തെ ഉയർന്ന നിരക്കാണ്. ദേശീയ ശരാശരി കേവലം 27.3% ആണ്. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കിടയിൽ യഥാക്രമം 33.7%, 29.1% എന്നിങ്ങനെയാണ് എൻറോൾമെന്റ് നിരക്ക്. സംസ്ഥാനത്ത് GER നിരക്ക് വർദ്ധിപ്പിക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ രംഗത്ത് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് :<br><br>1. സംസ്ഥാനത്തെ സർവകലാശാലകളിലും കോളേജുകളിലും ബിരുദ, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് ഇരുപതിനായിരത്തോളം സീറ്റുകൾ വർദ്ധിപ്പിക്കുകയുണ്ടായി. കൂടാതെ സർവകലാശാലകളിലും കോളേജുകളിലും പുത്തൻ തലമുറ (New Generation Inter-Disciplinary) സ്വഭാവമുള്ള 170 ഓളം കോഴ്സുകൾ ആരംഭിക്കുകയുണ്ടായി.<br>2. സർവകലാശാലകളിൽ പ്രോജക്ട് മോഡ് പ്രോഗ്രാമുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.</td></tr>
</table>

| | | | |
|---|---|---|---|
| | | | 3. ജനസംഖ്യാനുപാതികമായി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ കുറവുള്ള പ്രദേശങ്ങളിൽ കൂടുതൽ കോളേജുകൾ അനുവദിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും എൻറോൾമെന്റ് റേഷ്യോ ദേശീയ ശരാശരിയുമായി താരതമ്യപ്പെടുത്തി അറിയിക്കാമോ; | (ബി) | 2020-21 AISHE സർവ്വേ പ്രകാരം 2011 ലെ സെൻസസിന്റെ അടിസ്ഥാനത്തിലുള്ള GER (18-23 പ്രായപരിധിയിലുള്ളവരുടേത്) ചുവടെ ചേർക്കുന്നു:<br>**<u>കേരളം</u>**<br>പുരുഷന്മാർ – 34.5%<br>സ്ത്രീകൾ – 52.3%<br>ആകെ - 43.2%<br>**<u>ദേശീയ ശരാശരി</u>**<br>പുരുഷന്മാർ – 26.7%<br>സ്ത്രീകൾ – 27.9%<br>ആകെ - 27.3% |
| (സി) | പഠനസൗകര്യ വിപുലീകരണത്തോടൊപ്പം ഗവേഷണ ഫലങ്ങൾ കൃഷിയും വ്യവസായവുമായി ബന്ധിപ്പിച്ച് സംസ്ഥാനത്തെ ഒരു വികസിത സമ്പദ് വ്യവസ്ഥയാക്കി മാറ്റാൻ ഉന്നത വിദ്യാഭ്യാസ വകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്തെ സർവകലാശാലകളിലെ ഗവേഷണ ഫലങ്ങൾ കൃഷിയും വ്യവസായവുമായി ബന്ധിപ്പിച്ച് സംസ്ഥാനത്തെ ഒരു വികസിത സമ്പദ് വ്യവസ്ഥയാക്കി മാറ്റാൻ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ പറയുന്നു :<br>**1. മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ്:-** നവകേരള സൃഷ്ടിക്ക് അനുയോജ്യമായ ഗവേഷണങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായി സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഗവേഷണ പദ്ധതിയാണിത്. ലൈഫ് സയൻസ്, കെമിക്കൽ സയൻസ്, മെറ്റീരിയൽ സയൻസ്, പൊളിറ്റിക്കൽ സയൻസ്, ഹ്യൂമാനിറ്റീസ് & ലിബറൽ ആർട്സ്, ഇക്കണോമിക്സ് സ്റ്റഡീസ്, അഗ്രികൾച്ചറൽ & ഇക്കോളജിക്കൽ സയൻസ്, മെഡിക്കൽ സയൻസ്, കോമേഴ്സ് & മാനേജ്മെന്റ് സ്റ്റഡീസ്, ഡിജിറ്റൽ ടെക്നോളജി & എഞ്ചിനീയറിംഗ് എന്നിവ ഉൾക്കൊള്ളുന്ന 10 ബൃഹത്തായ വിജ്ഞാന മേഖലകളിലാണ് ഫെല്ലോഷിപ്പ് നൽകിവരുന്നത്. ആദ്യവർഷം ഓരോ മാസവും 50,000/- രൂപയും രണ്ടാം വർഷം ഒരു ലക്ഷം രൂപ വീതവും 500 ഫെല്ലോഷിപ്പുകളാണ് ആകെ പ്രഖ്യാപിച്ചിട്ടുള്ളത്. ആദ്യഘട്ടത്തിൽ 77 ഫെല്ലോഷിപ്പുകൾ വിതരണം ചെയ്തു കഴിഞ്ഞു. |

**2. കൈരളി ഗവേഷണ പുരസ്കാരങ്ങൾ:-** രാജ്യത്തിനകത്തും പുറത്തുമുള്ള കേരളീയരായ അക്കാദമിക് ഗവേഷക പ്രഗത്ഭരെ ആദരിക്കുന്നതിനും നൂതനവും വ്യത്യസ്തവുമായ ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി കേരള സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളതാണ് കൈരളി ഗവേഷണ പുരസ്കാരങ്ങൾ. കൈരളി അവാർഡുകൾ 4 ശ്രേണിയിൽ ഉൾപ്പെടുന്ന തരത്തിലാണ് വിഭാവനം ചെയ്തിട്ടുള്ളത് -

i. കൈരളി ഗ്ലോബൽ ലൈഫ്ടൈം അച്ചീവ്മെന്റ് പ്രൈസ് ഫോർ റിസർച്ചേഴ്സ്.

ii. കൈരളി ലൈഫ് ടൈം അച്ചീവ്മെന്റ് പ്രൈസ് ഫോർ റിസർച്ചേഴ്സ്.

iii. കൈരളി ഗവേഷണ പുരസ്കാരം.

iv.കൈരളി ഗവേഷക പുരസ്കാരം.

**3. ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ:-** സർവകലാശാലകളിൽ സൃഷ്ടിക്കുന്ന അറിവുകൾ ഉൽപ്പന്നങ്ങൾ ആക്കി മാറ്റുകയെന്ന ലക്ഷ്യത്തോടുകൂടി നടപ്പാക്കുന്ന പദ്ധതിയാണിത്. ആറ് സർവകലാശാലളിൽ ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ ആരംഭിക്കുവാൻ 20 കോടി രൂപ വീതം കിഫ്ബിയിൽ നിന്ന് ലഭ്യമാക്കുന്നതിന് 2022-23 ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരുന്നു.

ഇതിൽ വെറ്ററിനറി സർവകലാശാല, കേരള സർവകലാശാല, കേരള സാങ്കേതികശാസ്ത്ര സർവകലാശാല എന്നിവിടങ്ങളിലെ ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾക്ക് കിഫ്ബിയിൽ നിന്ന് പണം അനുവദിച്ചിട്ടുണ്ട്.

**4. സെന്റേഴ്സ് ഓഫ് എക്സലൻസ് (CoE):-** സർവകലാശാലകൾക്കുള്ളിൽ സെന്റേഴ്സ് ഓഫ് എക്സലൻസ് ആരംഭിക്കുന്നതിനായി രൂപീകരിച്ച അഡ്വൈസറി കമ്മിറ്റി സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്.

കൂടാതെ, കാർഷിക, വ്യവസായ മേഖലകളിലെ പുരോഗതിയുമായി ബന്ധപ്പെട്ട് Business Incubation Centre – കൾ ഉൾപ്പെടെ വിവിധ പദ്ധതികൾ സർവകലാശാലാതലത്തിൽ ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ